## Matthew 1:18-25

പുതിയ നിയമത്തിലെ ഏറ്റവും ആദ്യത്തെ അത്ഭുതം ഏതാണ്? കാനായിലെ കല്യാണ വിരുന്നിൽ ഈശോ ചെയ്ത അത്ഭുതം എന്ന് പലർക്കും ഉത്തരമുണ്ടാകും. എന്നാൽ സുവിശേഷത്തിലെ ആദ്യത്തെ അത്ഭുതമാണ് നാം ഇന്നു വായിച്ചു കേട്ട സുവിശേഷഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത് (Mt 1:18-25). ഇത് ഈശോ ചെയ്ത ഏതെങ്കിലും ഒരു അത്ഭുതമല്ല മറിച്ച് ദൈവപുത്രനായ മിശിഹായുടെ ജനനമാണ്. ഇവിടെ ഈശോയല്ല ഈശോയിലൂടെ പിതാവായ ദൈവമാണ് അത്ഭുതം പ്രവർത്തിച്ചത് എന്നു നാം മന:സ്സിലാക്കണം. അതിനാൽ സുവിശേഷത്തിന്റെ ഉള്ളടക്കമെന്നു പറയുന്നത് ഈശോ ചെയ്ത ഏതാനും അത്ഭുതങ്ങളുടെ സംഗ്രഹമല്ല പകരം മിശിഹാ സംഭവത്തിലൂടെ ദൈവം മനുഷ്യന് എന്തു ചെയ്തുതന്നു എന്നതാണ്.

ദൈവം സർവ്വവ്യാപിയാണ്, പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു, പുല്ലിലും, കല്ലിലും, തൂരുമ്പിലും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ട്. ഇവയിലൂടെയെല്ലാം ദൈവം നമ്മോട് സംസാരിക്കുന്നുണ്ട്. ഇതെല്ലാം ഏതൊരു വിശ്വാസിയെ സംബന്ധിച്ചും സാർവ്വത്രിക സത്യമാണ്. ഈ പ്രപഞ്ചം സർവ്വചരാചരങ്ങളിലൂടെയും നമ്മോടു ദൈവത്തെക്കുറിച്ചു പറഞ്ഞു തരുന്നുണ്ട് (അതുകൊണ്ടാണ് നാം പ്രപഞ്ചത്തെ ദൈവത്തിന്റെ സുവിശേഷം എന്നു വിളിക്കുന്നത്).

പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. (Heb: 1/1-2). അതെ, നമ്മോടു സംസാരിക്കാൻ നമ്മെ രക്ഷി ക്കാൻ, നമ്മോട് സഹവസിക്കാൻ ദൈവം ഏറ്റവും അവസാനമായി തിരഞ്ഞെടുത്ത മാർഗ്ഗമാണ് തന്റെ പുത്രൻ. ഇതിന്റെ സാക്ഷാത്കാരമാണ് പുത്രന്റെ മനുഷ്യാവതാരം. ഇവിടെ ഈശോയുടെ ജനനം സൂചിപ്പിക്കുന്നത് ദൈവത്തിന്

മനുഷ്യനോടുള്ള അതിരറ്റ സ്നേഹമാണ്. ഈ വലിയ സന്തോഷത്തിന്റെ അനുഭവം സ്വന്തമാക്കാനാണ് നാം നോമ്പെടുത്ത്/ഉപവസിച്ച് ഒരുങ്ങിക്കൊണ്ടിരിക്കുന്നത്.

വി. ഗ്രന്ഥം, പ്രത്യേകിച്ച് പഴയനിയമം, നമുക്കു നല്കുന്ന ചരിത്രം ഈ രക്ഷകനെ പ്രതീക്ഷിച്ചിരുന്ന അനേകം വിശുദ്ധാത്മാക്കളുടെ ചരിത്രമാണ്, പ്രതീക്ഷയാണ്. പാപംമൂലം പറുദീസ നഷ്ടപ്പെട്ട നിമിഷത്തിൽത്തന്നെ ദൈവം മനുഷ്യന് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തതാണ്. ഈ വാഗ്ദാനത്തിന്റെ അനേകം തലമുറകളുടെ കാത്തിരിപ്പിന്റെ പൂർത്തീകരണമാണ് ഈശോയുടെ ജനനത്തിലൂടെ പൂർത്തിയാകുന്നത്. അങ്ങനെ ചിന്തിക്കുമ്പോൾ ഈ തിരുപിറവിക്കുള്ള നമ്മുടെ ഒരുക്കം എത്രമാത്രം പ്രാധാന്യത്തോടെ, താല്പര്യത്തോടെ പൂർത്തിയാക്കണം എന്നാണ് നാം ചിന്തിക്കേണ്ടത്. കാരണം നമുക്കറിയാം ഇത് ഏറ്റവും അടുത്ത ഒരുക്കത്തിന്റെ അവസരമാണ്. അടുത്ത ഒരുക്കത്തിന്റെയും അകന്ന ഒരുക്കത്തിന്റെയും അവസരം കഴിഞ്ഞുപോയി. ഈ ഏറ്റവും അടുത്ത ഒരുക്കത്തിനായി (finishing touch നായി) തയ്യാറാവുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ നമ്മുടെ തന്നെ കുടുബാന്തരീക്ഷം/പ്രപഞ്ചത്തെ നിരീക്ഷിച്ചാൽ മതി.

നമ്മുടെ വീട്ടിലേക്ക് മാർപ്പാപ്പയെപ്പോലെ ഒരു വലിയ വ്യക്തി കടന്നു വരാൻ ആഗ്രഹിക്കുന്നു എന്നു വിചാരിക്കുക. നമ്മളീ വാർത്ത അറിയുമ്പോൾ തൊട്ട് ഒരുക്കങ്ങൾ തുടങ്ങും. വീടും പരിസരവുമൊക്കെ വൃത്തിയാക്കുക, വീടിനു പെയിന്റടിക്കുക... എന്നാൽ ഏറ്റവും ഒടുവിലത്തെ ആഴ്ചയിൽ/ദിവസങ്ങളിൽ നാം നടത്തുന്ന ഒരുക്കം എപ്രകാരം ആയിരിക്കും ഒന്നു ചിന്തിച്ചു നോക്കുക, അപ്പോഴത്തെ നമ്മുടെ സന്തോഷം, ആകാംക്ഷ ഇതൊന്നും നമുക്ക് പറഞ്ഞറിയിക്കാനാവില്ല. അതിനു സാമാനമായ ഒരു അവസരമാണിന്ന് നാം അനുഭവിക്കുന്നത്.

നമ്മുടെ ചുറ്റുപാടിലേയ്ക്കു നോക്കിയാൽ നാം ഒരു റോസാച്ചെടി നടുന്നു. അതിൽ മനോഹരങ്ങളായ റോസാപ്പൂക്കൾ ഉണ്ടാകും എന്നു പ്രതീക്ഷിച്ചാണ് ഈ ചെടി നട്ടു വളർത്തുന്നത്. പെട്ടെന്നൊരു ദിവസം അതിൽ പൂമൊട്ടുകൾ കാണുന്നു, നാളെ റോസാപ്പൂ വിരിയും എന്നും മനസ്സിലാക്കുന്നു. എന്തായിരിക്കും നമ്മുടെ സന്തോഷം!

വീട്ടിലെ മറ്റൊരുദാഹരണമെടുത്താൽ - വർഷങ്ങളായി ഗൾഫിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന - ഓർമ്മ വച്ചതിനുശേഷം ഒരിക്കൽ പോലും നമുക്ക് നേരിൽ കാണാൻ സാധിക്കാത്ത - നമ്മുടെ പപ്പ/മമ്മി തിരിച്ചു വരുന്നു, വിമാനത്താവളത്തിൽ എത്തിയെന്ന് വീട്ടിലേക്ക് ഫോൺ വരുന്നു, അപ്പോൾ എങ്ങനെയായിരിക്കും നമ്മുടെ സന്തോഷം പ്രകടിപ്പിക്കുക. ഇതിലും വലിയ സന്തോഷമല്ലേ നാമിന്നനുഭവിക്കുന്നത്. ഇത്രയും അടുത്ത ഒരു ഒരുക്കമാണ് നാം ഈ ദിവസങ്ങളിൽ - ക്രിസ്തുമസ് വരെയുള്ള ദിവസങ്ങളിൽ നടത്തേണ്ടത്.

രക്ഷകനെ ലോകത്തിന് നല്കാൻ തിരഞ്ഞെടുക്കപ്പെട്ട മറിയം പ്രതീക്ഷകളുടെ പൂർത്തീകരണമായ മിശിഹാ ഉടനെ ലോകത്തിൽ അവതീർണ്ണനാകും എന്നു മനസ്സിലാക്കിയപ്പോൾ എന്താണ് ചെയ്തത് എന്ന് നമുക്കറിയാം. തന്റെ ഉദരത്തിലെ ദൈവകുമാരനെയും വഹിച്ചുകൊണ്ട് മറിയം ഗർഭിണിയായ തന്റെ ഇളയമ്മയെ/എലീശ്വായെ ശുശ്രൂഷിക്കാൻ പോയി. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം (Jn 13:14) എന്നു പഠിപ്പിച്ചവന്റെ അമ്മ അവനെ ഉദരത്തിൽ വഹിച്ചനാൾ മുതൽ സേവനതല്പരയായി കാണപ്പെട്ടു എന്നത് നാം സുവിശേഷത്തിൽ വായിക്കുമ്പോൾ നാം തിരിച്ചറിയുന്നു, അവനിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വരുന്ന നാമും സ്വീകരിക്കേണ്ട ജീവിതരീതി സേവനത്തിന്േറതായിരിക്കണം എന്ന്. അതിനാൽ നമ്മുടെ ചുറ്റുപാടും നമ്മുടെ സേവനം ആവശ്യമുള്ളവരെ കണ്ടെത്തി അവർക്ക് നമ്മാലാവുന്ന സേവനം എത്ര ത്യാഗം സഹിച്ചും നിർവഹിച്ചുകൊണ്ട് അവരിലും രക്ഷയുടെ അനുഭവം അതിന്റെ സമൃദ്ധിയിൽ അനുഭവിക്കാനുള്ള അവസരം ഒരുക്കാം. എന്റെ മക്കളെ ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കു വേണ്ടി ഈറ്റുനോവനുഭവിക്കുന്നു (Gal 4:19) എന്നു പറഞ്ഞ വി. പൌലോശ്ലീഹായുടെ തീക്ഷ്ണതയും മനോഭാവവും നാം സ്വന്തമാക്കണം.

യഹൂദ പാരമ്പര്യമനുസരിച്ച് സ്ത്രീ പുരുഷന്മാർ പരസ്പരം വിവാഹ വാഗ്ദാനം നൽകിക്കഴിഞ്ഞ് ഒന്നോ ഒന്നരയോ വർഷങ്ങൾക്കുശേഷമാണ് വിവാഹിതരായിത്തീരുന്നത്. വിവാഹ നിശ്ചയം കഴിഞ്ഞവരെ ഭാര്യാഭർത്താക്കന്മാരായി

യഹൂദസമൂഹം അംഗീകരിച്ചിരുന്നു. എന്നാൽ, വിവാഹ സഹവാസം അവർ ആരംഭിച്ചിരുന്നത് വരൻ വധുവിനെ സ്വഭവനത്തിലേയ്ക്ക് സ്വീകരിക്കുന്നതിനുശേഷം മാത്രമാണ്. പരസംഗംപോലുള്ള കാരണങ്ങളുണ്ടെങ്കിൽ വിവാഹ കരാറിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ പുരുഷന് അവകാശമുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് തന്റെ പ്രതിശ്രുത വധു ഗർഭിണിയായിരിക്കുന്നു എന്ന വാർത്ത യൗസോപ്പിന്റെ ചെവികളിലെത്തുന്നത്. വിവാഹിതരായവർക്കറിയാം തങ്ങൾ വിവാഹ സമയമടുത്തപ്പോഴേക്ക്, പ്രത്യേകിച്ച് നിശ്ചയശേഷം തങ്ങളുടെ ജീവിത പങ്കാളിയെക്കുറിച്ച് പല സ്വപ്നങ്ങളും കണ്ടിരിക്കുന്ന സമയമാണ്. വിവാഹ ജീവിതം നയിക്കാനാഗ്രഹിക്കുന്ന യുവതീയുവാക്കളും ഇതുപോലെ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നവരാകാം - ഈ അവസ്ഥയിൽ ഇരിക്കുന്ന യൗസോപിതാവാണ് മറിയത്തിന്റെ "അവിഹിത" ഗർഭത്തെക്കുറിച്ചറിയുന്നത്. ഈ സന്നിഗ്ദാവസ്ഥയിലാണ് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് മറിയത്തിന്റെ ഗർഭധാരണം ദൈവത്തിന്റെ പ്രവൃത്തിയാണ് എന്ന ശുഭവാർത്തയറിയിക്കുന്നത്. ഈ ദൈവസ്വരമാണ് യൗസോപിതാവിന്റെ മുമ്പോട്ടുള്ള ത്യാഗപൂർണ്ണമായ ജീവിതത്തിന് വലിയ പ്രചോദനവും ശക്തിയുമായി തീരുന്നത്. നമ്മുടെ പല സന്നിഗ്ദാവസ്ഥയിലും ദൈവം തന്റെ ദൂതരിലൂടെയും നേരിട്ടും അവിടുത്തെ സ്വരം നമ്മോടറിയിക്കുന്നുണ്ട്. പക്ഷെ നാം പലപ്പോഴും ഈ സ്വരത്തിന് ചെവിക്കൊടുക്കാറില്ല. കാരണം പലതും നമുക്ക് അഗ്രാഹ്യമായിരിക്കും. എന്നാൽ ഈ സ്വരത്തിന് ക്രിയാത്മകമായി പ്രത്യുത്തരം കൊടുക്കുമ്പോഴാണ് യൗസോപിതാവിനെപ്പോലെ നമ്മളും പ്രതിസന്ധികളെ തരണം ചെയ്ത് ജീവിക്കാനും അതുവഴി രക്ഷകനെ ലോകത്തിനു നല്കുന്നതിൽ സഹകരിക്കുവാനും ഇടയാക്കുന്നത്. അതിനാൽ ഈ ദിവസങ്ങളിൽ ദൈവത്തിന്റെ സ്വരത്തിന് ചെവികൊടുക്കാനും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാനും നമുക്ക് തീരുമാനമെടുക്കാം.

1സാമുവേൽ 3:4- മുതലുള്ള വാക്യങ്ങളിൽ സാമൂവൽ പ്രവാചകന് ദൈവത്തിൽനിന്നുള്ള വിളി ലഭിക്കുന്നത് നാം കാണുന്നുണ്ട്. ആദ്യമൊക്കെ പ്രവാചകന് ദൈവത്തിന്റെ സ്വരം തിരിച്ചറിയാനോ അതിനോട് പ്രതികരിക്കാനോ കഴിഞ്ഞില്ല. എന്നാൽ പിന്നീട് ദൈവത്തിന്റെ സ്വരം തിരിച്ചറിഞ്ഞ നേരം

മുതൽ സാമുവൽ ദൈവഹിതത്തിന് കാതോർത്ത് അതനുസരിച്ച് തന്റെ ജീവിതം മുന്നോട്ട് നയിച്ചു. ഇതുപോലെ നാം ഓരോരുത്തരും പ. അമ്മയെപ്പോലെ, വി. യൗസേപിനെപ്പോലെ ദൈവത്തിന്റെ സ്വരത്തോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോൾ നാം ഓരോരുത്തരും രക്ഷകനെ ലോകത്തിനു നല്കുന്നവരും മറ്റുള്ളവർ രക്ഷ സ്വീകരിക്കുന്നതിൽ സഹകരിക്കുന്നവരുമാകും.

മറിയവുമായുള്ള വിവാഹത്തിന് സമ്മതം കൊടുത്ത യൗസോപിതാവ് മറിയം ഗർഭിണിയാണെന്നറിഞ്ഞ് ഏറെ അസ്വസ്ഥനാകുന്നുണ്ട്, തുടർന്ന് ഒരു തീരുമാനമെടുക്കുന്നു വിവാഹബന്ധം റദ്ദാക്കിയേക്കാം എന്ന്. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആണ് (Lk 1:26) മറിയം ഒരു ശിശുവിന് ജന്മം നല്കിയിരിക്കുന്നതെന്നും മറിയം ഇപ്പോഴും കന്യകയാണെന്നും (Is 7:14) ഇത് പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്നും ദൂതൻ വഴി അറിയുന്ന ഔസേപിതാവിനോട് ദൂതൻ തുടർന്നു പറഞ്ഞത് നീ അവന് യേശു എന്ന് പേരിടണം എന്നാണ്. യേശു എന്ന പേരിന്റെ അത്ഥം ദൈവം രക്ഷിക്കുന്നു എന്നാണ് - ഈ പേര് നൽകാൻ കാരണം അവൻ ജനങ്ങളെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവനായതുകൊണ്ടാണ് - ഇവിടെ ഈ ദിവ്യ ശിശുവിന് യേശു എന്നു പേര് നൽകാൻ ദൂതൻ (Mt 1:25) അവകാശം കൊടുത്തതുവഴി ഈ ശിശു ഔസേപിതാവിനു അന്യനല്ല എന്ന തിരിച്ചറിവാണ് നല്കുന്നത്. കാരണം ബൈബിൾ പാരമ്പര്യമനുസരിച്ച് നാമദാതാവിന് നാമസ്വീകർത്താവിന്റെ മേൽ അധികാരമുണ്ട്. (പ്ശിത്ത - Gen 6:11, 21:6, 25:25-26, 29:32, 30:6, 1:31, 2:1) അങ്ങനെ വളർത്തു പിതാവായ ഔസേപ്പിതാവിനുള്ള ബന്ധവും വ്യക്തമാകുന്നു. അതായത് ദൈവഹിതത്തോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് ദൈവസ്വരത്തിന് പ്രവർത്തിച്ചുകൊണ്ട് പ. അമ്മയെപ്പോലെ ദൈവത്തിനെ ലോകത്തിനു നല്കുന്നവരും വി. ഔസേപ്പിനെപ്പോലെ ദൈവവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നവരുമായി തീരാൻ പ്രയത്നിക്കാം.

റവ. സെബ്സ്റ്റ്യൻ മുരിങ്ങയിൽ